അടിമണ്ണ് പ്രകൃത്യാ ഉറച്ചതിനുശേഷമേ ബാക്കി പണികൾ ചെയ്യാവൂ എന്ന് LBS അധികാരികൾ നിർദ്ദേശിച്ചിരുന്നു. RIDF-III-ൽ അനുവദിച്ച പണികൾ പൂർത്തിയാക്കി അന്തിമ ക്ലെയിം 30-4-2003-നകം നബാർഡിന് സമർപ്പിക്കേണ്ടിയിരുന്നു. ഈ സാഹചര്യങ്ങളിൽ 13-9-2004-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 3285/04/തസ്വഭവ. പ്രകാരം പണി Fore close ചെയ്യുകയാണുണ്ടായത്.

(ബി) മേൽപ്രവൃത്തിയുടെ നബാർഡ് അംഗീകൃത എസ്റ്റിമേറ്റ് 55.93 ലക്ഷം രൂപയുടേതാണ്. ആകെ 50.89 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഈ പ്രവൃത്തി ബ്ലോക്ക് പഞ്ചായത്തിന് അവരുടെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്.

(ഡി) പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിൽ റോഡ് പ്രവൃത്തികളൊന്നും ഇതേവരെ ഏറ്റെടുത്തിട്ടില്ല.

കുംഭപ്പാറ-പുന്നസിറ്റി റോഡ് നിർമ്മാണം

151 [1984] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം ബ്ലോക്കിലെ രാജകുമാരി-രാജാക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുംഭപ്പാറ-പുന്നസിറ്റി റോഡിന്റെ നിർമ്മാണം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണാനുമതി നൽകിയശേഷം സാങ്കേതികാനുമതിക്കായി ഇടുക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) സാങ്കേതികാനുമതി ലഭിച്ചാലുടൻ റോഡുപണി ആരംഭിക്കുവാൻ കഴിയും. പണി ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരമുള്ള റോഡുകൾ

152 [1985] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിൽ എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഏതെല്ലാം റോഡുകളാണ് ഇതുപ്രകാരം നിർമ്മിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം അംഗീകാരം ലഭിച്ചതും നിർമ്മാണപ്രവൃത്തി വിവിധ ഘട്ടങ്ങളിലായിട്ടുള്ളതുമായ ജില്ലയിലെ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതുമായ ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ജില്ലയിലെ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പ്രകാരം ഏറ്റെടുത്ത റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

	അടങ്കൽ
1. എടക്കാട് ബ്ലോക്ക്	
1. കാടാച്ചിറ പി.എച്ച്.സി. പള്ളിമുക്ക് റോഡ്	162.68 ലക്ഷം രൂപ
2. തന്നട വണ്ണാൻചാൽ റോഡ്	
3. മാമ്പ മോസ്ക് പുതുക്കുടിച്ചാൽ റോഡ്	
4. പെരിങ്ങളായി പുളിയാഞ്ചൽ റോഡ്	
2. പേരാവൂർ ബ്ലോക്ക്	
1. തുണ്ടിയിൽ കല്ലടി അട്ടാഞ്ചേരി റോഡ്	150.05 ലക്ഷം രൂപ
2. മുഴക്കുന്ന് മുടക്കോഴി റോഡ്	
3. പൂവത്തുംചോല വെള്ളുന്നി റോഡ്	
4. മാലൂർ ഹൈസ്കൂൾ പനംപട്ട കുറമ്പ്രം റോഡ്	
3. തളിപ്പറമ്പ് ബ്ലോക്ക്	
1. കനകക്കുന്ന് പാത്താംപാറ റോഡ്	245.63 ലക്ഷം രൂപ
2. കുറ്റിയേരി കടവ് മാവിച്ചേരി ചെനയന്നൂർ റോഡ്	

(ബി) 3-ാം ഘട്ടമായി അംഗീകാരം ലഭിച്ചതും പണി തുടങ്ങിയതുമായ ഇരിട്ടി ബ്ലോക്കിലെ റോഡുകൾ ചുവടെ ചേർക്കുന്നു:

1. ആനപ്പന്തി-നട്ടേൽ റോഡ്
2. വിളമന-നെല്ലിക്കാംപൊയിൽ റോഡ്
3. പനക്കാട് ടെമ്പിൾ-ഉരുപ്പുകാട് റോഡ്

ഈ റോഡുകളുടെ പണി പ്രാരംഭദശയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയിൽ അംഗീകാരം ലഭിച്ചതും പണി തുടങ്ങാത്തതുമായ റോഡുകൾ താഴെ പറയുന്നവയാണ്:

ഇരിക്കൂർ ബ്ലോക്ക്

1. മലപ്പട്ടം-ട്രാൻസ്ഫോമർ റോഡ്
2. ഉളിക്കൽ-വയത്തൂർ റോഡ്
3. കാട്ടിലെ പീടിക-ചിറാട്ട്മൂല റോഡ്
4. പൂവ്വം-കല്യാട് റോഡ്
5. കൂട്ടുമുഖം-പേപ്പറമ്പ്-കരിനിരിൽ റോഡ്

പയ്യന്നൂർ ബ്ലോക്ക്

1. പെരുവാമ്പ-കുരുപ്പള്ളി റോഡ്
2. എടക്കോം-പൊന്നുരുക്കുപാറ റോഡ്
3. കുണിയൻ കിഴക്കേക്കര-പടിഞ്ഞാറേക്കര റോഡ്

മേൽപ്പറഞ്ഞ എല്ലാ റോഡുകളുടെയും പണി ടെണ്ടർ ചെയ്യുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) കൂത്തുപറമ്പ് ബ്ലോക്കിലെ പാത്തിക്കൽ-വാഴമല റോഡാണ് പുതുതായി അംഗീകാരത്തിന് സമർപ്പിക്കുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തലശ്ശേരി ബ്ലോക്കിലെ കരിയാട് കിടഞ്ഞിറോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇവയ്ക്ക് കേന്ദ്രാനുമതി ലഭിച്ചശേഷമേ പണികൾ തുടങ്ങാനാവൂ.

നബാർഡിന്റെ ധനസഹായത്തോടെയുള്ള കണ്ണൂർ ജില്ലയിലെ റോഡുനിർമ്മാണപ്രവർത്തനം

153 [1986] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ധനസഹായത്തിനുവേണ്ടി കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുനിർമ്മാണപ്രവൃത്തികളാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും, ഓരോ റോഡു നിർമ്മാണപ്രവൃത്തിയുടെയും എസ്റ്റിമേറ്റ്തുക എത്രവീതമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ താഴെപ്പറയുന്ന റോഡുപ്രവൃത്തികൾ നബാർഡിന്റെ ധനസഹായത്തിനുവേണ്ടി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്:

പ്രവൃത്തിയുടെ പേര്	*എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ)*
1	2
1. അക്കംപറമ്പ്-ചിറ്റിക്കര റോഡ് (കൂത്തുപറമ്പ് ബ്ലോക്ക്)	45.29
2. തെരുവ് മാപ്പിള സ്കൂൾ-കാനാട് റോഡ് (ഇരിട്ടി ബ്ലോക്ക്)	36.60

LIBRARY ARCHIVES Kerala Legislative Assembly